ഇന്ന് സഹകാര്യ മുതലാളിമാർ കുറഞ്ഞ കൂലിപോലും കൊടുക്കാത്ത പരിതഃസ്ഥിതിയിൽ കയർവ്യവസായ സഹകരണസംഘങ്ങളെ പ്രോൽസാഹിപ്പിക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പ്രോൽസാഹിപ്പിക്കുവാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഒ. ലൂക്കോസ്: ചില സംഘങ്ങൾ ബാങ്കിൻെറ സഹായംകൊണ്ടു മാത്രം ലാഭകരമായി നടത്തുന്നു എന്നു പറഞ്ഞു. ആ സംഘങ്ങളിൽ പലതും 70 രൂപയ്ക്ക് മടൽ വാങ്ങി മൂടുകയും തൊഴിലാളികളെക്കൊണ്ട് തല്ലിക്കാതെ 140 രൂപയ്ക്ക് മുതലാളിമാർക്ക് വിൽക്കുകയും ചെയ്യുന്നതിൻെറ ഫലമായാണ് ഈ കുഴപ്പങ്ങൾ ഉണ്ടാകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഏതുസംഘമാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കാം.

ശ്രീ. സി. എ. കുര്യൻ: സഹകരണമേഖലയിൽ ജോലി ചെയ്യുന്ന ആളുകൾക്കു മാത്രമാണ്. ഇപ്പോൾ മിനിമം വേജസും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നത്. ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന പത്തുലക്ഷത്തിലധികം വരുന്ന തൊഴിലാളികൾക്കുകൂടി ഈ വക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സഹകരണമേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടിയെടുക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സഹകരണമേഖല കൂടുതൽ ശക്തിപ്പെടുത്തണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം അതനുസരിച്ചാണ് ഈ വർഷംതന്നെ 100 സൊസൈറ്റികൾ കൂടി സംഘടിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത്.

യാത്രാബുദ്ധിമുട്ടുകൾ

*87 [95] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഇന്നനുഭവപ്പെടുന്ന യാത്രാബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും സത്വര നടപടി കൈക്കൊള്ളുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശസാൽകൃതറൂട്ടുകളിൽ ഷെഡ്യൂളുകൾ ഓടിക്കുക, ക്യാൻസലേഷൻ പരമാവധി കുറയ്ക്കുക ഇവയാണ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നടപടികൾ ഇപ്പോൾ ഇറക്കുന്ന പുതിയ ബസുകളിൽ ഭൂരിഭാഗവും പഴയ വണ്ടികൾ പിൻവലിക്കുവാൻവേണ്ടി ഉപയോഗിക്കുകയാണ്. തദ്വാരാ ക്യാൻസലേഷൻ കുറയ്ക്കാൻ സാധിക്കും. മറ്റു റൂട്ടുകളിൽ അധിക സർവ്വീസിൻെറ ആവശ്യം കണക്കിലെടുത്ത് ആർ. ടി. എ. കൾ പെർമിറ്റുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേക്ക് ട്രാൻസ്പോർട്ട് ബസിൽ യാത്രചെയ്യുന്ന ആളുകളുടെ വിഷമതകം വളരെ കൂടുതലാണ്. ചില സ്റ്റേഷനുകളിൽച്ചെന്ന് യാത്രക്കാരെ ഇറക്കിക്കഴിഞ്ഞാൽ അരമണിക്കൂർ കഴിഞ്ഞായിരിക്കും ബസ് തിരിച്ചുവരിക. എന്തിനേറെപ്പറയുന്നു ചില സ്ഥലങ്ങളിൽ മൂത്രവിസർജ്ജനത്തിനുപോലുമുള്ള സൗകര്യങ്ങളില്ലെന്നുള്ളതാണ് വസ്തുത. ഇതിനും പുറമെ ദേശസാൽകൃത റൂട്ടുകളിലെല്ലാം ബസോടിക്കാനും കഴിയുന്നില്ല. പെർമിറ്റ് കിട്ടിയ പലയിടങ്ങളിലും ബസോടിക്കാൻ കഴിയുന്നില്ല. കണ്ണൂർ, പയ്യന്നൂർ റൂട്ടിൽ പത്തു ബസുകൾക്ക് പെർമിറ്റ് കിട്ടിയിട്ടുണ്ട്. പക്ഷേ നാലോ, അഞ്ചോ എണ്ണമേ ഓടിക്കുന്നുള്ളു. ഇതെല്ലാം പരിഹരിക്കാൻവേണ്ടി ഒരു പദ്ധതി തയ്യാറാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ പരാധീനതകളൊക്കെ കണക്കിലെടുത്തുകൊണ്ടാണ് കൂടുതൽ ബസുകൾ റോഡിലിറക്കാൻ ശ്രമിക്കുന്നത്. നമ്മളാരും വിചാരിക്കാത്തരീതിയിൽ ഇന്ന് ബസുകൾക്ക് കേടുപാടുകൾ വരുന്നുണ്ട്. ഈ വർഷംതന്നെ അറുപത് ബസുകൾക്ക് കേടുപാടുകൾ വന്നു. അങ്ങനെ വരുമ്പോൾ നാം വിചാരിച്ചപോലെ പ്രവർത്തിക്കാൻ സാധിക്കാതെ വരും. വർഷംതോറും പത്തുമുന്നൂറ് ബസുകൾ റോഡിലിറക്കുന്നുണ്ടെങ്കിലും തീരെ ഓടി പഴക്കം വരാത്ത വണ്ടികൾ വർക്ഷോപ്പിൽ പോകുന്നതുകൊണ്ട് കൂടുതൽ ബസുകളിടാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അസൗകര്യങ്ങളുണ്ടെന്നുള്ളത് പരമാർത്ഥമാണ്. യാത്രക്കാർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിന് വടക്കുമുതൽ തെക്കുവരെയുള്ള എല്ലാ ഡിപ്പോകളും പരിശോധിക്കാൻവേണ്ട ഏർപ്പാട് ചെയ്തുകഴിഞ്ഞു; ഓരോന്നായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഓവർലോഡ് കാരണം ബസുകൾ ഒരൊറ്റ സ്റ്റോപ്പിലും നിറുത്തുന്നതില്ല. ഒന്നുകിൽ ബസ് സ്റ്റോപ്പിനപ്പുറം അല്ലെങ്കിൽ ഇപ്പുറം എന്ന രീതിയിലാണ് നിറുത്തുന്നത് എന്ന കാര്യം അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓവർലോഡ് ഉണ്ട്. അപ്പോൾ ബസ് നിറുത്താൻ മടിക്കുമായിരിക്കും. പീക്ക് ഔവേഴ്സിൽ ഓവർലോഡില്ലാതെ പോകാൻ ബുദ്ധിമുട്ടുണ്ട്. ആ സമയത്ത് ഓവർലോഡില്ലാതെ പോകാനാവശ്യമായ ബസുകൾ വേണമെങ്കിൽ ഇന്നത്തേതിന്റെ മൂന്നിരട്ടി വേണ്ടിവരും. അഥവാ അങ്ങനെ ബസുണ്ടാക്കിയാൽതന്നെ പതിനൊന്നു മണി കഴിഞ്ഞാൽപ്പിന്നെ അവയ്ക്ക് ഓട്ടമുണ്ടായിരിക്കുകയില്ല. അതുകൊണ്ട് പീക്ക് ഔവറിൽ ഈ ബുദ്ധിമുട്ട് അൽപാൽപം സഹിക്കേണ്ടിവരും.

ശ്രീ. ലോനപ്പൻ നമ്പാടൻ: ചാലക്കുടി-തൃശ്ശൂർ ദേശസാൽകൃത റൂട്ടിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് അവ പരിഹരിക്കാൻവേണ്ടി സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചാലക്കുടി—തൃശ്ശൂർ റൂട്ടിലെ ബുദ്ധിമുട്ട് മനസ്സിലാക്കി. ഈ അടുത്തകാലത്ത് തൃശ്ശൂരിൽനിന്നും ചാലക്കുടിയിലേക്കും ചാലക്കുടിയിൽനിന്നും അപ്പോളോ ടയേഴ്സിലേക്കും ബസുകളിട്ടുകഴിഞ്ഞു; താമസിയാതെ ഓടിത്തുടങ്ങും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: പയ്യന്നൂർ–പഴയങ്ങാടി ദേശസാൽകൃത റൂട്ടാണ്. അവിടെ പത്ത് ബസുകൾ വേണം. മൂന്നെണ്ണമാണ് ഇപ്പോഴുള്ളത്. ബസിന് കൈകാണിച്ചാൽ അര കിലോമീറ്റർ കഴിഞ്ഞാണ് വണ്ടി നിൽക്കുന്നത്. ഇതിനു പകരം പുതിയ ബസുകളും ആവശ്യമായത്ര ബസുകളും ഇടാൻ വേണ്ടത് ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുതിയ ബസുകളെല്ലാം പയ്യന്നൂരിലേക്ക് കൊടുക്കാൻ കഴിയുകയില്ലല്ലോ. പ്രായമുള്ള ധാരാളം വയസ്സൻ ബസ്സുകൾ ഇപ്പോഴുമുണ്ട്. അതെല്ലാം വളരെ വേഗത്തിൽ മാറ്റിക്കൊണ്ടിരിക്കുകയാണ്. വയസ്സൻമാരെക്കൊണ്ട് ഒന്നിനും കൊള്ളുകയില്ലെന്നുള്ള അഭിപ്രായം എനിക്കില്ല. നല്ല കഴിവുള്ള വയസ്സൻമാരും ഉണ്ട്.

ശ്രീ. എം. വി. രാഘവൻ: ആവശ്യമില്ലാത്ത റൂട്ടുകളിൽ സമ്മർദ്ദത്തിന് വിധേയമായി ബസുകളിടുന്നതിന്റെ ഫലമായിട്ടാണ് ആവശ്യമുള്ള റൂട്ടുകളിൽ ബസില്ലാതെ വരുന്നതെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മന്ത്രിക്കിഷ്ടമുള്ള ചില റൂട്ടുകളിൽ ആവശ്യമില്ലാതെ ബസുകൾ കൊടുത്ത് കോർപ്പറേഷന് നഷ്ടവും നാട്ടുകാർക്ക് ബുദ്ധിമുട്ടും വരുത്തുന്നു എന്നാണോ? അതെക്കുറിച്ചെല്ലാം അന്വേഷണം നടത്തി ആവശ്യമായ റൂട്ടുകളിൽ മാത്രം ബസ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് ഞാൻ നിഷേധിക്കുകയാണ്. മന്ത്രിക്കിഷ്ടമുള്ള റൂട്ടുകളിൽ ബസ് കൊടുത്തിട്ടില്ല. 140 റൂട്ടുകളിൽ കൊടുത്തിട്ടുണ്ട്. ഞാനതിന്റെ ലിസ്റ്റ് വായിക്കാം വേണമെങ്കിൽ. അപ്പോൾ മനസ്സിലാകും മന്ത്രിയുടെ പ്രദേശത്തല്ല രാഘവന്റെ പ്രദേശത്താണ് കൂടുതൽ കൊടുത്തതെന്ന്.

ശ്രീ. എം. വി. രാഘവൻ: ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൊടുക്കാം.

ശ്രീ. വട്ടിയൂർക്കാവ് രവി: തിരുവനന്തപുരം ജില്ലയിലെ പ്രൈവറ്റ് ബസുറൂട്ടുകളെല്ലാംതന്നെ ദേശസാൽക്കരിച്ചതാണ്. പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായത്ര കോർപ്പറേഷൻ ബസുകളില്ലാത്തതുകൊണ്ട് യാത്രക്കാർ വളരെ ബുദ്ധിമുട്ടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പരിപൂർണ്ണമായും ദേശസാൽക്കരിച്ച ജില്ല എന്ന നിലയിൽ തിരുവനന്തപുരം ജില്ലയ്ക്കാവശ്യമായ റൂട്ടുകളിൽ ആവശ്യമായ ബസുകളിടാൻ നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽകൃതറൂട്ടുകളിൽ ധാരാളം ബസുകളുണ്ടെന്ന് ഞാൻ പറഞ്ഞില്ല; എനിക്കങ്ങനെ അഭിപ്രായവുമില്ല. ധാരാളം ബസുകൾ ഇനിയും ഇടേണ്ടതുണ്ട്. ഒരു വർഷത്തിൽ മുന്നൂറ് ബസുകളുണ്ടാക്കാനേ ഇന്ന് കോർപ്പറേഷനെക്കൊണ്ട് കഴിയുന്നുള്ളൂ. അതിൽ 150 എണ്ണവും പഴയ വണ്ടി മാറ്റാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ളത് 150 എണ്ണമാണ്. ഇതിൽ ഒരു ഡിപ്പോയ്ക്ക് എത്ര ബസ് കൊടുക്കാൻ സാധിക്കുമെന്നുള്ളത് കണക്കുകൂട്ടി നോക്കിയാൽ മനസ്സിലാകും. ഒരു ഡിപ്പോയ്ക്ക് രണ്ട് ബസ് വീതം കൊടുത്താൽ യാത്രാക്ലേശം എങ്ങനെ പരിഹരിക്കും? വളരെപ്പെട്ടെന്ന് ആയിരമോ ആയിരത്തഞ്ഞൂറോ ബസുകളുണ്ടാക്കാൻ കഴിയുകയുമില്ല. അൽപാൽപം ബുദ്ധിമുട്ടുകൾ സഹിച്ച് കാലക്രമേണ മാറ്റാനേ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly